II ഇ.ബി. XV- കേരള നിയമസഭ/XIV-10

# പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 ഒക്ടോബർ 9, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസപ്പെടുത്തിക്കൊണ്ടിരുന്നു. ചോദ്യകർത്താക്കൾ (*271)-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരുന്നതിനാൽ ബഹു. സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

38 (*272) കെ. എസ്. ആർ. ടി. സി.-ക്ക് ഇലക്ട്രിക് ബസുകൾ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനും മികവുറ്റ യാത്രാ സൗകര്യം ഉറപ്പുവരുത്തുന്നതിനും വിവിധ സർവീസുകളും പദ്ധതികളും ആരംഭിച്ചിട്ടുണ്ടെന്നും ദീർഘദൂര സർവീസുകൾ കാര്യക്ഷമമായി നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും യാത്രക്കാരുടെ എണ്ണവും വർധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇലക്ട്രിക് ബസുകൾക്ക് മലിനീകരണതോതും ഇന്ധനച്ചെലവും കുറവാണെന്നും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ 165 ഇലക്ട്രിക് ബസുകൾ സർവീസ് നടത്തുന്നുണ്ടെന്നും ഇലക്ട്രിക് ബസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിലൂടെ പ്രതികിലോമീറ്റർ വരുമാനം വർധിച്ചിട്ടുണ്ടെന്നും സർവീസുകൾ മാറ്റുവാൻ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയുന്നതല്ലെന്നും മന്ത്രി വ്യക്തമാക്കി. 2024-25, 2025-26 കാലയളവുകളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് കാലപ്പഴക്കം ചെന്ന ബസുകൾക്കുപകരം 269 ബസുകൾ വാങ്ങാൻ തീരുമാനിച്ചതിൽ 140 ബസുകൾ ലഭ്യമായിട്ടുണ്ടെന്നും BS 6 കാറ്റഗറിയിലുള്ള പുതിയ ബസുകളുപയോഗിച്ച്

ദീർഘദൂര-അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പ്രധാന ബസ് സ്റ്റേഷനുകളിൽ ശീതീകരണ സംവിധാനത്തോടെയുള്ള കാത്തിരിപ്പ് കേന്ദ്രങ്ങൾ ആരംഭിക്കുകയും ബസ് സ്റ്റേഷനുകളിലെ പൊതു ടോയ്‌ലറ്റുകളുടെ ശുചിത്വം ഉറപ്പുവരുത്തുകയും ഡിപ്പോകളുടെ ബ്രാൻഡിങ് നടത്തുകയും ബസ് സ്റ്റേഷനുകളിൽ കുപ്പിവെള്ള പദ്ധതി നടപ്പാക്കുകയും ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും കെട്ടികിടക്കുന്ന ലെഗസി വേസ്റ്റുകൾ നീക്കം ചെയ്യുകയും പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകളിൽ യാത്രക്കാർക്ക് സുരക്ഷിതമായി ലഗേജ് സൂക്ഷിക്കുന്നതിന് ഡിജിറ്റൽ ക്ലോക്ക് റൂം പദ്ധതി ആവിഷ്കരിക്കുകയും കെ.എസ്.ആർ.ടി.സി. ബസ് അപകടങ്ങൾ നിവാരണം ചെയ്യുന്നതിന് ആക്സിഡന്റ് മോണിറ്ററിങ് സെൽ രൂപീകരിക്കുകയും 18 ഡ്രൈവിങ് സ്കൂളുകൾ ആരംഭിക്കുകയും സുരക്ഷിത ഡ്രൈവിങ്ങിനെ കുറിച്ച് പരിശീലന പരിപാടികളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അപകടകരമായ ഡ്രൈവിങ്ങിനെ കുറിച്ച് " AM I DRIVING DANGEROUSLY" (Whatsapp No:9188619380) എന്ന വാട്സാപ്പിലൂടെ പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർധിപ്പിച്ച്

ഓഫ്റോഡ് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും കെ.എസ്.ആർ.ടി.സി. വികസിപ്പിച്ച 'ബസ് വാഷിങ് റാമ്പ്' തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നടപ്പിലാക്കുകയും 15 ഇന്ധന വിതരണ ഔട്ട്‌ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ഗുരുവായൂർ യാത്രാഫ്യുവൽസ് ഔട്ട്‌ലെറ്റിൽ സി.എൻ.ജി. സ്റ്റേഷനും പ്രവർത്തനമാരംഭിക്കുകയും യാത്രാഫ്യൂവൽ ഔട്ട്‌ലെറ്റുകൾ മുഖേന 2025 ഏപ്രിൽ മുതൽ ജൂലൈ വരെ 73.11 ലക്ഷം രൂപയുടെ ലാഭമുണ്ടാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. 'ബഡ്ജറ്റ് ടൂറിസം സെൽ' മുഖേന നിരവധി ടൂർ പാക്കേജുകൾ നടപ്പാക്കിവരുന്നുണ്ടെന്നും മൂന്നാർ ഡിപ്പോയിൽ 'ഫുഡ് ഹബ്' പദ്ധതി, വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി "കെ.എസ്.ആർ.ടി.സി. റിഫ്രഷ്"പദ്ധതി എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും 'കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് സ്റ്റേ' പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് ഒരു കോടി രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സൂപ്പർഫാസ്റ്റ് വരെയുള്ള ബസുകളിൽ കാൻസർ രോഗികൾക്ക് സൗജന്യയാത്ര നൽകുന്നതാണെന്നും വിദ്യാർഥികൾക്ക് സ്മാർട്ട് കൺസെഷൻ കാർഡ് വിതരണം ചെയ്തിട്ടുണ്ടെന്നും ഗ്രാമപ്രദേശങ്ങളിലും തീരദേശ-മലയോര മേഖലകളിലും പട്ടികജാതി

പട്ടികവർഗ്ഗക്കാർ കൂടുതലുള്ള സ്ഥലങ്ങളിലും സർവീസ് നടത്തുന്നതിന് മിനി ബസുകൾ വാങ്ങിയിട്ടുണ്ടെന്നും കൊട്ടാരക്കര, ചെങ്ങന്നൂർ, ചങ്ങനാശേരി, തൃശ്ശൂർ, മലപ്പുറം, കായംകുളം, ആറ്റിങ്ങൽ തുടങ്ങിയ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതാണെന്നും കോന്നി ബസ് സ്റ്റാന്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കാനാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

39 (*273) <u>കാർഷിക മേഖലയിലെ യന്ത്രവൽക്കരണം</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, കാർഷിക മേഖലയിലെ വൈദഗ്ധ്യം നേടിയ തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി SMAM പദ്ധതി പ്രകാരം യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 424.2427 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇവ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുകയും സർവീസ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ യുവജനങ്ങളെയും കൃഷിയിൽ തൽപരരായവരെയും കൃഷി-അനുബന്ധ പ്രവർത്തനങ്ങളിലേക്ക്

ആകൃഷ്ടരാക്കുവാൻ സാധിച്ചിട്ടുണ്ടെന്നും 'കേര' പദ്ധതിയിലൂടെയും കാർഷിക മേഖല ആധുനികീകരിച്ചതിലൂടെയും ഉയർന്ന വരുമാനം കർഷകർക്ക് ഉറപ്പാക്കാനായെന്നും കേരളത്തിലെ ഭൂപ്രകൃതിക്കനുയോജ്യമായ നൂതന കാർഷിക യന്ത്രങ്ങളും കൃഷി രീതികളും വികസിപ്പിക്കുന്നതിന് മിഷൻ RKI പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ടെന്നും ചതുപ്പ് നിലങ്ങളിൽ ബണ്ട് രൂപീകരണം, കിടങ്ങുകൾ തയ്യാറാക്കുക, ഉഴുതു മറിക്കുക, നിലമൊരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 'സ്ക്രൂവീൽ ബാക്ക് ഹോ' എന്ന യന്ത്രം രൂപകല്പന ചെയ്തിട്ടുണ്ടെന്നും കുട്ടനാട് മേഖലയിൽ കൊയ്ത്തുമെതി യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനായി 'കെമിമു' എന്ന സഞ്ചരിക്കുന്ന പരിശോധന യൂണിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും മലബാർ കാർഷിക മേഖലയിലെ കർഷകർക്ക് കോഴിക്കോട് ജില്ലയിലെ കൂത്താളിയിൽ കാർഷിക യന്ത്രസംരക്ഷണ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടെന്നും തരിശ് നെൽവയലുകൾ വീണ്ടെടുത്ത് കൃഷി ചെയ്യുന്നതിന് 'മലബാർ പ്രത്യേക കാർഷിക ദൗത്യസംഘം' രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കാർഷിക കർമ്മസേനകൾ, കാർഷിക സേവന കേന്ദ്രം എന്നിവ മുഖേന 'ഒരു കോടി ഫലവൃക്ഷത്തൈകളുടെ ഉത്പാദനവും വിതരണവും' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും

കൃഷിയിടങ്ങളിലും പുരയിടങ്ങളിലും യന്ത്രവൽകൃത സേവനം നൽകുന്നതിന് ബ്ലോക്കുതലത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് സോഷ്യൽ ഓഡിറ്റ് നടത്തുന്നുണ്ടെന്നും 'കതിർ' ആപ്പ് മുഖേന കൃഷി ഉദ്യോഗസ്ഥരുമായി സംവദിച്ച് കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നും 14 ജില്ലകളിലും കേരള ഗ്രോയുടെ ബ്രാൻഡഡ് ഷോറൂമുകൾ ആരംഭിച്ചിട്ടുണ്ടെന്നും കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് സ്മാർട്ട് കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. കൃഷിഭവനുകൾ സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കെട്ടിടങ്ങളും ഇ-ഓഫീസ് സംവിധാനവും നടപ്പിലാക്കുന്നതാണെന്നും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കൃഷി ഭവനുകളെ റാങ്കിങ് ചെയ്യുന്നതാണെന്നും കുത്തുപറമ്പിൽ KAMCO യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അടയ്ക്കാ കർഷകരെ സഹായിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമെന്നും സംസ്ഥാനത്ത് വ്യാജ ഉല്പന്നങ്ങൾ എത്തിക്കുന്നത് തടയുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(ചോദ്യകർത്താക്കൾ (*274)-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരുന്നതിനാൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

40(*275) <u>ഉന്നത പഠനത്തിനായി വിദേശരാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പ്രവേശനം</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, ദേശീയ-രാജ്യാന്തര റാങ്കിങ്ങുകളിൽ ലഭിക്കുന്ന അംഗീകാരവും അന്താരാഷ്ട്ര നിലവാരത്തിൽ നടപ്പിലാക്കിവരുന്ന നാലുവർഷ ബിരുദ പ്രോഗ്രാമും സംസ്ഥാനത്തെ സർവകലാശാലകളിൽ നിന്നുള്ള ബിരുദങ്ങൾക്ക് വിദേശരാജ്യങ്ങളിൽ കൂടുതൽ സ്വീകാര്യത ഉറപ്പുവരുത്തുന്നതിന് സഹായകരമായിട്ടുണ്ടെന്നും അതിലൂടെ കേരളത്തിലെ സർവകലാശാലകളിലേക്ക് വിദേശ വിദ്യാർത്ഥി പ്രവേശനം വർധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പഠനവേളയിൽത്തന്നെ തൊഴിൽ ആഭിമുഖ്യം വളർത്താൻ 'Earn While You Learn' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാലുവർഷ ഓണേഴ്സ് ബിരുദം നേടാൻ ആഗ്രഹിക്കുന്നവർക്ക് 6 മാസത്തെ ഇൻഡസ്ട്രി ഇന്റേൺഷിപ്, പ്രോജക്റ്റ് എന്നിവ ചെയ്യാനുള്ള അവസരവും അനുയോജ്യമായ തൊഴിൽ

പരിശീലന കോഴ്സുകൾ ഓൺലൈനായി പൂർത്തീകരിക്കാനുള്ള അവസരവുമുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇന്റേൺഷിപ്പ് നൽകാൻ താല്പര്യമുള്ള കമ്പനികളെയും വ്യവസായ സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് 'കേരള ഇന്റേൺഷിപ്പ് പോർട്ടൽ' തയ്യാറാക്കിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വർക്ക് ഇന്റഗ്രേറ്റഡ്/അപ്രന്റീസ് എംബെഡഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള അവസരങ്ങൾ പുതിയ കരിക്കുലത്തിലുണ്ടെന്നും വിദേശരാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുമെന്നും ഇൻഡസ്ട്രി ഓൺഡ് കാമ്പസ്, കണക്ട് കരിയർ ടു കാമ്പസ് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയതിലൂടെ വിദ്യാർഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.